SJD/2498/2022-E5

I/69085/2022

സാമൂഹ്യനീതി ഡയറക്ടേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 29-11-2022
Email-swdkerala@gmail.com
Phone-0471–2306040

**സർക്കുലർ**

വിഷയം:- സാമൂഹ്യനീതി വകുപ്പ് - നിയമസഭാ നടപടിയുമായി ബന്ധപ്പെട്ട രേഖകൾ ഇ-നിയമസഭാ ആപ്ലിക്കേഷൻ മുഖേന ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന:- 1.കേരളനിയമസഭ സെക്രട്ടറിയുടെ 22.08.2022ലെ 2608/ഐ.ടി(ഇ.എൻ) 2/2022നിസെ നം കത്ത്.

2.സർക്കാർ കത്ത് നം.WC-PS1/256/2022/WCD തീയതി.30.08.2022.

ഇ-നിയമസഭ ആപ്ലിക്കേഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി സാമാജികർക്ക് നിയമസഭാ നടപടിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും സോഫ്റ്റ് കോപ്പി കൂടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ഇതു സംബന്ധിച്ച് ചുവടെ ചേർത്തിരി ക്കുന്ന നിർദ്ദേശങ്ങൾ എല്ലാ യൂണിറ്റ് ഓഫീസർമാരും സെക്ഷൻ മേധാവികളും കീഴ് കാര്യാലയമേധാവികളും കർശനമായി പാലിയ്ക്കണമെന്ന് നിർദ്ദേശിക്കുന്നു.

1. നിയമസഭാ കമ്മിറ്റികളുമായി ബന്ധപ്പെട്ട ഡിലെ സ്റ്റേറ്റ്മെന്റ്, നടപടി റിപ്പോർട്ടുകൾ, ന്യൂനതാരഹിത പത്രിക തുടങ്ങിയ രേഖകൾ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന അവസരത്തിലും സബ്ജക്റ്റ് കമ്മിറ്റികളുടെ നിയമസഭാ നടപടിക്രമം സംബന്ധിച്ച ചട്ടം 236(3), 236(5) എന്നിവ പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട സ്റ്റേറ്റുമെന്റുകളുടെ പ്രിന്റഡ് കോപ്പിയോടൊപ്പം സോഫ്റ്റ് കോപ്പി അനുബന്ധം ഉൾപ്പെടെ e-mail മുഖാന്തരമോ സിഡി ആയോ ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമാക്കേണ്ടതാണ്.

2.നിയമസഭാ ചോദ്യങ്ങളുമായി ബന്ധപ്പെട്ട രേഖകളായ ഡിലേ സ്റ്റേറ്റ്മെന്റ് ഉത്തരത്തിൽ തിരുത്ത്, അടിയന്തിര ചോദ്യത്തിനുള്ള മറുപടി, ചട്ടപ്രകാരം മേശപ്പുറത്തുവയ്ക്കുന്നതിനുള്ള കടലാസ്സുകൾ എന്നിവ ഇ-നിയമസഭ ആപ്ലിക്കേഷനിലും ഓൺലൈൻ ആയി മാത്രം സമർപ്പിക്കേണ്ടതാണ്.

3.കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നതു സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടി ല്ലാത്തതിനാൽ ചട്ടപ്രകാരം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനുള്ള കടലാസുകളുടെ മന്ത്രി ഒപ്പിട്ട ഒരു പകർപ്പ് ഹാർഡ്കോപ്പിയായി ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

ജി.അജയകുമാർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സാമൂഹികനീതി വകുപ്പ് ഡയറക്ടർക്കുവേണ്ടി